# കേരളാ പോലീസ്

# പ്രശംസനീയ കർത്തവ്യ നിർവ്വഹണം

( 28-11-2009 മുതൽ 04-12-2009 വരെ)

## നഗരത്തിൽനിന്നും 40 കിലോ കഞ്ചാവ് പിടിച്ചെടുത്തു

നടക്കാവ് പോലീസ് 30-11-2009-ന് നടത്തിയ വ്യാപകമായ റെയ്ഡിൽ ബിജു, സുരേഷ്കുമാർ അർഷാദ് എന്നിവരിൽനിന്നും 40 കിലോ കഞ്ചാവ് പിടിച്ചെടുത്തു. പ്രതികളെ അറസ്റ്റുചെയ്തു.

(Cr. No. 650, 651, 652/09, KKD C, Nadakkavu PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. Jaison. K Abraham CI, Sri. Biju SI, Jeevan George SI, Sri. Sunilkumar ASI, Vasudevan ASI, PCs 6959, 7180, 8013, 8388

## നിരവധി മോഷണക്കേസുകളിലെ പ്രതികൾ അറസ്റ്റിൽ

2-12-2009 രാത്രി 7.30 മണിയോടെ നല്ലളം ബസ്സ്റ്റാന്റ് പരിസരത്ത് സംശയകരമായ സാഹചര്യത്തിൽക്കണ്ട അബ്ദുൾസലാം, ശിഹാബുദ്ദീൻ എന്നിവരെ ചെറുവണ്ണൂർ CI-യും പാർട്ടിയും കസ്റ്റഡിയിലെടുത്ത് വിശദമായി പരിശോധിച്ചതിൽ ഇവരുടെ പക്കൽനിന്നും കളവുമുതലായ സ്വർണ്ണച്ചെയിൻ കണ്ടെടുക്കുകയും വിശദമായി ചോദ്യം ചെയ്തതിൽ ഇവർ നഗരത്തിലെ വിവിധ പോലീസ് സ്റ്റേഷനിലെ നിരവധി മോഷണക്കേസുകളിലെ പ്രതികളാണെന്ന് തിരിച്ചറിഞ്ഞു.

(Cr. No. 538/09, KKD C, Nallalam PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. V. K. Abdul Khadar CI, Sri. Binu SI, Sri. Azees ASI, Sri. Saidalavi ASI, HC 6046, PCs 7277, 6798

## 5,985 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുത്തു

29-11-2009 തീയതി വൈകി 7.15 മണിയോടുകൂടി പത്തനംതിട്ട ട്രാഫിക്ക് പോലീസും പാർട്ടിയും അടൂർ ജംഗ്ഷനിൽ വാഹന പരിശോധന നടത്തിവരവേ സംശയാസ്പദമായ സാഹചര്യത്തിൽ പച്ചക്കറി സാധനങ്ങൾ കയറ്റിവന്ന തമിഴ്നാട് രജിസ്ട്രേഷനുള്ള ലോറിയെ തടഞ്ഞുനിർത്തി വിശദമായി പരിശോധിച്ചതിൽ പച്ചക്കറികൾക്കിടയിൽ 35 ലിറ്റർ വീതം കൊള്ളുന്ന 171 കന്നാസുകളിലായി 5,985 ലിറ്റർ സ്പിരിറ്റ് കണ്ടെടുത്തു.

(Cr. No. 1238/09, PTA, Adoor PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. Mohammed Nisar Traffic SI, Sri. Nandakumar SI, PCs 2111, 2120, 2094

## മുക്കുപണ്ടം പണയംവച്ച് ലക്ഷങ്ങൾ തട്ടിയെടുത്ത ആറംഗസംഘം അറസ്റ്റിൽ

സ്ഥിരമായി മുക്കുപണ്ടം നിർമ്മിച്ച് ബാങ്കുകളിൽ പണയംവച്ച് 15 ലക്ഷം തട്ടിയെടുത്ത ആറംഗസംഘമായ വിജയൻ, വിഷ്ണു, വിനീഷ്, നജീർ, സുകുമാരൻ, രഞ്ജിത് എന്നിവരെ പുതുക്കാട് പോലീസ് 1-12-2009 തീയതി വൈകി 7.15 മണിയോടെ കൊടകരഭാഗത്തുനിന്നും അറസ്റ്റുചെയ്തു.

(Cr. Nos. 821, 841 to 845/09, TCR, Pudukkad PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. V. K. Raju CI, Sri. Mohan SI, Sri. Chacko ASI, Sri. Gladson ASI

## 1,015 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുത്തു

29-11-2009 തീയതി രാവിലെ 7.20 മണിയോടുകൂടി മാനാംപുഴ ഭാഗത്തുവച്ച് സംശയാസ്പദമായ രീതിയിൽകണ്ട ലാൻസർകാർ നിർത്താൻ ആവശ്യപ്പെട്ടിട്ടും നിർത്താതെപോയതിനെത്തുടർന്ന് ശാസ്താംകോട്ട CI ടി വാഹനത്തെ പിന്തുടർന്ന് സാഹസികമായി പിടികൂടി വിശദമായി പരിശോധിച്ചതിൽ കാറിനുള്ളിൽ 35 ലിറ്റർവീതം കൊള്ളുന്ന 29 കന്നാസുകളിലായി ഒളിപ്പിച്ചുവച്ച നിലയിൽ 1,015ലിറ്റർ സ്പിരിറ്റ് കണ്ടെടുത്തു.

(Cr. No. 846/09, KLM, Sasthamkotta PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ Sri. George Koshy CI

## ചീട്ടുകളി സംഘം പിടിയിൽ

പൊൻകുന്നം പോലീസ് സ്റ്റേഷൻ പരിധിയിലുള്ള ദൈവസഹായം ലോഡ്ജിലെ ഇരുപത്തിയാറാം നമ്പർ മുറിയിൽ വൻതുകവച്ച് ചീട്ടുകളിയിൽ ഏർപ്പെട്ടിരുന്ന അഞ്ചംഗ സംഘത്തെ 3-12-2009 തീയതി ഉച്ചയ്ക്ക് ഒരുമണിയോടുകൂടി പൊൻകുന്നം പോലീസ് റെയ്ഡുചെയ്ത് അറസ്റ്റുചെയ്തു. ഇവരുടെ പക്കൽനിന്നും 71,065/- രൂപയും പിടിച്ചെടുത്തു.

(Cr. No. 565/09, KTM, Ponkunnam PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. P. R. Santhosh SI, HCs 5054, 5254, PC 5914

## 840 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുത്തു

കാഞ്ഞിരംകുളം പോലീസിനു ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ 30-11-2009 തീയതി ഉച്ചയ്ക്ക് 2 മണിയോടുകൂടി കാഞ്ഞിരംകുളം മൗണ്ട് കാർമ്മൽ സ്കൂളിനു സമീപത്ത് സംശയാസ്പദമായ രീതിയിൽ നിർത്തിയിട്ടിരുന്ന ബൊലേറൊ കാറിൽനിന്നും 35 ലിറ്റർ വീതം കൊള്ളുന്ന 24 കന്നാസ് സ്പിരിറ്റ് പോലീസ് പിടിച്ചെടുത്തു.

(Cr. No. 320/09, TVM RL, Kanjiramkulam PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. G. Binu SI, Sri. Ganesh Kumar ASI, GrHC 9579, PC 1388